(ബി) മാവേലിക്കര നിയോജകമണ്ഡലത്തിൽ പെട്ട വള്ളികുന്നം ആശുപത്രിയിൽ കട്ടിലും മെത്തയും മറ്റും ഇല്ലാത്തതിനാൽ രോഗികളെ കിടത്തി ചികിൽസിക്കാൻ നിർവാഹമില്ലാത്തതിനാൽ അവ കൊടുക്കണമെന്ന് പഞ്ചായത്തും പൊതുജനങ്ങളും വർഷങ്ങളായി നിവേദനം നടത്തിയിട്ടും ഗവൺമെൻറിൽനിന്നും യാതൊരു നടപടിയും എടുക്കാത്തതിനു കാരണമെന്ത്?

ഉത്തരം

(എ) നാല്.

(ബി) വള്ളികുന്നം ഗവൺമെൻറ് ഡിസ്പെൻസറിയിൽ രോഗികളെ കിടത്തി ചികിൽസിക്കാനുള്ള ഇൻപേഷ്യൻറ് വാർഡ് ഇപ്പോഴില്ല. ഡിസ്പെൻസറികൾക്കു സർക്കാർ നേരിട്ടു വാർഡു നിർമ്മിച്ചു കൊടുക്കുന്നതിനും ബഡ്ജറിൽ വക കൊള്ളിക്കാറില്ല. വാർഡിനുള്ള കെട്ടിടം നാട്ടുകാരുടെ സംഭാവനയായി നിർമ്മിച്ചു തരുമ്പോൾ അതിനു വേണ്ട സ്റ്റാഫും മറ്റു കാര്യങ്ങളും ഗവൺമെൻറ് ഏർപ്പെടുത്തി കൊടുക്കുകയാണ് ഇപ്പോഴത്തെ പതിവ്. അതനുസരിച്ച് പഞ്ചായത്തോ ഉത്തരവാദപ്പെട്ട നാട്ടുകാരുടെ കമ്മറ്റിയോ സംഭാവനയായി വാർഡ് നിർമ്മിച്ച് തരാൻ മുന്നോട്ടു വന്നാൽ ഗവൺമെൻറ് അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

ഹരിപ്പാട് ഗവൺമെൻറ് ആശുപത്രിയിലെ പേ വാർഡ്

555 [810] ശ്രീ. ജി.പി. മംഗലത്തുമഠം: താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഹരിപ്പാട് ഗവൺമെൻറ് ആശുപത്രിയിലെ പേ വാർഡിൻെറ ഒന്നാം നിലയുടെ പണി എന്തായി എന്നു വിശദീകരിക്കുമോ?

ഉത്തരം

ഹരിപ്പാട് ഗവ. ആശുപത്രിയിൽ ഇപ്പോഴുള്ള പേ വാർഡിൻെറ മുകളിൽ ഒന്നാം നിലകൂടി പണിയുന്നതിനാവശ്യമായ അസ്ഥിവാരം ഇട്ടിട്ടുണ്ട്. കൂടുതൽ പേ വാർഡുകളുടെ ആവശ്യം പരിഗണിച്ചും ധനാഗമമാർഗ്ഗങ്ങളും തീർച്ചയാവുന്നതനുസരിച്ചും ഹരിപ്പാട് ഗവൺമെൻറ് ആശുപത്രിയിലെ പേ വാർഡിൻെറ ഒന്നാംനില നിർമ്മിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

പെരിന്തൽമണ്ണ ആയുർവ്വേദ ആശുപത്രി

556 [811] ശ്രീ. കെ.കെ.എസ്. തങ്ങൾ: താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

പെരിന്തൽമണ്ണ ആയുർവ്വേദ ആശുപത്രിയിൽ രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് ബഡ്ഡ് വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

ഫണ്ടിൻെറ ലഭ്യതയനുസരിച്ച് ബഡ്ഡുകൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly